# ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
# ,പൂജപ്പുര, തിരുവനന്തപുരം-12

## <u>നടപടികൾ</u>

വിഷയം : ജയിലുകൾ-ജയിലാസ്ഥാനകാര്യാലയം-ജീവനക്കാര്യം-അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ്-II, പ്രിസൺ ഓഫീസർ, ഗേറ്റ് കീപ്പർ, ഡെപ്യൂട്ടി പ്രിസൺ ഓഫീസർ തസ്തികകളിൽ പ്രൊമോഷൻ/ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം : 22.02.2022 തീയതിയിലെ തവനൂർ സെൻട്രൽ പ്രിസൺ സൂപ്രണ്ടിൻറെ E2-18/2022/CPTvnr എന്ന നമ്പർ കത്ത്

**<u>ഉത്തരവ് നമ്പർ. E5-22779/2019/PrHQ; തീയതി : 23-03-2022</u>**

തവനൂർ സെൻട്രൽ പ്രിസണിലെ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ്-II തസ്തികയിലെ ഉദ്യോഗസ്ഥൻ ആയിരുന്ന ശ്രീ. ശശിധരൻ.എ 31.01.2022 തീയതിയിൽ വിരമിച്ചതിനാൽ പ്രസ്തുത ജയിലിൽ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ്-II ൽ ഒരൊഴിവ് ഉണ്ടായിട്ടുള്ളതായി പരാമർശം (1) പ്രകാരം തവനൂർ സെൻട്രൽ പ്രിസൺ സൂപ്രണ്ട് റിപ്പോർട്ട് ചെയ്തിരുന്നു.

മേൽ സാഹചര്യത്തിൽ പ്രസ്തുത ഒഴിവിലേയ്ക്കും അതിനെ തുടർന്ന് ഉണ്ടാകുന്ന മറ്റൊഴിവുകളിലേക്കും സീനിയോറിറ്റി അനുസരിച്ച് ചുവടെ ചേർക്കും വിധം പ്രൊമോഷൻ/ നിയമനം നൽകി ഉത്തരവാകുന്നു.

1. കണ്ണൂർ സെൻട്രൽ പ്രിസണിലെ പ്രിസൺ ഓഫീസർ ശ്രീ. സുനിൽ.കെ.എ യെ തവനൂർ സെൻട്രൽ പ്രിസണിൽ ഉണ്ടായിട്ടുള്ള അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ്-II ഒഴിവിലേക്ക് പ്രൊമോഷൻ നൽകി നിയമിക്കുന്നു.

2. അത്തരത്തിൽ കണ്ണൂർ സെൻട്രൽ പ്രിസണിൽ ഉണ്ടാകുന്ന പ്രിസൺ ഓഫീസർ തസ്തികയിലെ ഒഴിവിലേക്ക് കണ്ണൂർ ജില്ലാ ജയിലിലെ ഗേറ്റ് കീപ്പർ ആയ ശ്രീ. രാജീവൻ.ബി-യെ സീനിയോറിറ്റി പ്രകാരം നിയമിക്കുന്നു.

3. അത്തരത്തിൽ കണ്ണൂർ ജില്ലാ ജയിലിൽ ഉണ്ടാകുന്ന ഗേറ്റ് കീപ്പർ തസ്തികയിലെ ഒഴിവിലേക്ക് മുട്ടം ജില്ലാ ജയിലിലെ ഡെപ്യൂട്ടി പ്രിസൺ ഓഫീസർ ശ്രീ. നാസർ.പി.കെ-യെ സീനിയോറിറ്റി പ്രകാരം നിയമിക്കുന്നു.

4. അത്തരത്തിൽ മുട്ടം ജില്ലാ ജയിലിൽ ഉണ്ടാകുന്ന ഡെപ്യൂട്ടി പ്രിസൺ ഓഫീസർ തസ്തികയിലെ ഒഴിവിലേക്ക് തിരുവനന്തപുരം സെൻട്രൽ പ്രിസണിലെ അസിസ്റ്റൻറ് പ്രിസൺ ഓഫീസർ ശ്രീ. സിനീഷ്.എസ്-നെ സീനിയോറിറ്റി പ്രകാരം പ്രൊമോഷൻ നൽകി നിയമിക്കുന്നു.

ടി ഉത്തരവ് സമയബന്ധിതമായി നടപ്പാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഡോ ഷെയ്ക്ക് ദർവേഷ് സാഹിബ് ഐപിഎസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: 1. ബന്ധപ്പെട്ട ജയിൽ സ്ഥാപന മേധാവികൾ
2. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (സ്ഥാപന മേധാവികൾ മുഖേന)

പകർപ്പ് : 1. ഡി.ഐ.ജി ഓഫ് പ്രിസൺസ്
ഉത്തര/മധ്യ/ദക്ഷിണ മേഖലകൾ
2. ഓഫീസ് കോപ്പി/ ടെക്നിക്കൽ സെൽ
ജയിലാസ്ഥാകാര്യാലയം